ഉത്തരം

(എ) 1992 ഒക്ടോബറിൽ ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ മേൽപ്പറഞ്ഞ ഐ. ആർ. ഡി. പി. സർവ്വേ ലിസ്റ്റിൽ വിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനും വിട്ടു പോയവരെ കൂട്ടി ചേർക്കുന്നതിനും ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1980-81 സാമ്പത്തികവർഷം മുതൽ 29-2-1996 വരെ 12,64,544 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന സാമ്പത്തിക പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ആസ്തികൾ സ്വന്തമാക്കുന്നതിന് വായ്പയും സബ്സിഡിയും നൽകുന്നതോടൊപ്പം ആവശ്യമായ പ്രവർത്തനമൂലധനവും ഐ. ആർ. ഡി. പി. യിൽ നൽകുന്നു. കാർഷിക മേഖല, വ്യവസായ മേഖല സേവന മേഖല എന്നിവയിലുള്ള കടുംബവരുമാന പദ്ധതികൾക്കാണ് ഈ സഹായം നൽകിവരുന്നത്.

(ഡി) 1995-96 (29-2-1996 വരെ) 17113 വീടുകൾ നിർമ്മിച്ചു. ഇതിനു വേണ്ടിവന്ന തുകയുടെ 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിച്ചത്.

(ഇ) 12517.86 ലക്ഷം രൂപ (കേന്ദ്ര വിഹിതം ഉൾപ്പെടെ) ഗ്രാമ വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. 29-2-1996 വരെ 8673.48 ലക്ഷം രൂപ ചെലവായി.

(എഫ്) 4783.50 ലക്ഷം രൂപ ബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്. ഈ തുക മുഴവൻ ചെലവായിട്ടുണ്ട്.

(ജി) 29-2-1996 വരെ 8182.38 ലക്ഷം രൂപ ചെലവായി. 11723 ലക്ഷം രൂപയാണ് മൊത്തം വകയിരുത്തിയിട്ടുള്ളത്.

(എച്ച്) നടപ്പു സാമ്പത്തികവർഷം 29-2-1996 വരെ 33479 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ഐ) കേന്ദ്ര സർക്കാരാണ് ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്.

(ജെ) (ഐ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(കെ) ഉണ്ട്.

(എൽ) പ്രതിവർഷ വരുമാനം 11,000 രൂപയിൽ കുറവായ ഗ്രാമീണ കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവരായി കണക്കാക്കുന്നത്. ചെറുകിട പരിമിത കർഷക, കർഷകത്തൊഴിലാളികൾ ഗ്രാമീണ കൈത്തൊഴിലുകാർ എന്നിങ്ങനെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാവരും ഐ. ആർ. ഡി. പി.യുടെ ലക്ഷ്യ വിഭാഗത്തിൽപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും വികലാംഗർക്കും പ്രത്യേക പരിഗണന ഈ പരിപാടിയിൽ ഉറപ്പാക്കിയിട്ടുണ്ട്. അകെ സഹായിക്കുന്ന കുടുംങ്ങളിൽ 50 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും 40 ശതമാനം സ്ത്രീകൾക്കും 3 ശതമാനം വികലാംഗർക്കും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഐ. ആർ. ഡി. പി. മേള

55. [1541] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഐ. ആർ. ഡി. പി. മേള നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആൻറ് ബി) ഈ വർഷം ഐ. ആർ. ഡി. പി. മേള നടത്തുന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

തേക്കടി വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനം

56. [1542] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടിയിൽ ആരംഭിച്ച വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇത്തരം കേന്ദ്രങ്ങൾ മറ്റെവിടെയെങ്കിലും തുടങ്ങുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തേക്കടിയിലെത്തുന്ന സന്ദർശകർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും ജൈവ വൈവിദ്ധ്യത്തിന്റെയും സംരക്ഷണത്തിന്റെയും അനിവാര്യത മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനം. ഇതിനായി ചാർട്ടുകൾ, മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുക, സിനിമകൾ കാണിക്കുക, ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) നെയ്യാർ, പറമ്പിക്കുളം, സൈലൻറ് വാലി, വയനാട്, തട്ടേക്കാട് എന്നിവിടങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നുണ്ട്.

ഗ്രാമവികസന പദ്ധതികൾക്ക് കപ്പാർട്ടിന്റെ അനുമതി

57. [1543] ശ്രീ. എ. യൂനുസ്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന പദ്ധതികൾക്ക് കപ്പാർട്ടിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത് ;

(സി) മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാസ് (കേരള) വഴി സമർപ്പിച്ച 10,29,70,754 രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) മലപ്പുറം നിയോജകമണ്ഡലത്തിൽ പാസ് (കേരള) വഴി കപ്പാർട്ടിന്റെ ധനസഹായത്തോടെ പദ്ധതികളൊന്നും നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly